കോൺഗ്രസിന്റെ വിജയം സി.പി.എം അംഗീകരിക്കുന്നില്ല: മുല്ലപ്പള്ളി

തിരുവനന്തപുരം: ഹിന്ദി ഹൃദയഭൂവിൽ കോൺഗ്രസ് കൈവരിച്ച ഉജ്വല വിജയം അംഗീകരിക്കാൻ സി.പി.എം തയാറാകുന്നില്ലെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. കോൺഗ്രസ് മുക്തഭാരതം എന്ന ബി.ജെ.പിയുടെ പ്രഖ്യാപിത നിലപാട് സ്വീകരിച്ചിരിക്കുന്ന പാർട്ടി സി.പി.എമ്മാണ്. അതിന്റെ പ്രകടമായ തെളിവാണ് പാർട്ടി പത്രത്തിൽ കോടിയേരി ബാലകൃഷ്ണന്റെ ലേഖനം. ഹിന്ദുത്വശക്തികളുമായുള്ള സി.പി.എമ്മിന്റെ ബന്ധവും അവരുടെ കപട ന്യൂനപക്ഷസ്നേഹത്തിന്റെ പൊയ്മുഖവുമാണ് പുറത്തുവന്നതെന്നും മുല്ലപ്പള്ളി പറഞ്ഞു.

ശബരിമലയിൽ ഇന്ന്

പുലർച്ചെ

3 ന്..... നട തുറക്കൽ
3.05 ന്..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12 വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 ന് നട അടയ്ക്കൽ

വൈകുന്നേരം

3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം
11 ന് നട അടയ്ക്കൽ

ശബരിമല ദർശനത്തിന് ഒരുങ്ങി യുവതികൾ

ചെന്നൈ: ശബരിമല ക്ഷേത്രദർശനത്തിന് 30ഓളം യുവതികൾ ചെന്നൈയിൽ നിന്ന് 23ന് എത്തും. 35നും 40നും പ്രായത്തിനിടയിലുള്ള സ്ത്രീകളുടെ സംഘം 22ന് ചെന്നൈയിൽ നിന്നും പുറപ്പെടും. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മനിതി എന്ന സംഘടനയിലെ സ്ത്രീകളാണ് എത്തുന്നത്.

അയ്യപ്പഭക്തരായ തങ്ങൾ സുപ്രീംകോടതി വിധിയിൽ സന്തുഷ്ടരാണെന്നും പ്രതിഷേധക്കാരെ ഭയന്ന് ദർശനത്തിൽ നിന്നും പിൻമാറില്ലെന്നും മനിതി സംഘടനയിലെ അംഗം വസുമതി വാസന്ത് പറഞ്ഞു.

ശബരിമലയിൽ എത്തുമെന്ന വിവരം ചൂണ്ടിക്കാട്ടി രണ്ടാഴ്ച മുമ്പ് മുഖ്യമന്ത്രിക്ക് കത്തയച്ചെന്നും ദർശനത്തിനുള്ള സംരക്ഷണം നൽകാമെന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിലാണ് പോകാൻ തീരുമാനിച്ചതെന്നും സംഘം അറിയിച്ചു.

വനിതാമതിൽ ഭരണപരാജയം മറച്ചുവയ്ക്കാനെന്ന്

തിരുവനന്തപുരം: ഭരണപരാജയം മറച്ചുവയ്ക്കാനും ജനശ്രദ്ധ തിരിക്കാനുമാണ് സർക്കാർമുൻകൈയെടുത്ത് വനിതാമതിൽ സംഘടിപ്പിക്കാനതെന്ന് ഇന്നലെ ഇന്ദിരാഭവനിൽ ചേർന്ന ഡി.സി.സി പ്രസിഡന്റുമാരുടെയും കെ.പി.സി.സി നേതാക്കളുടെയും യോഗം പ്രമേയത്തിൽ കുറ്റപ്പെടുത്തി.

വർഗീയശക്തികൾക്ക് മുതലെടുപ്പിന് അവസരം നൽകി വർഗീയമതിൽ നിർമ്മിക്കുന്ന മുഖ്യമന്ത്രിയുടെ നടപടി അപലപനീയമാണ്. നാട്ടിൽ സാമൂഹ്യസംഘർഷങ്ങൾ സൃഷ്ടിക്കാനുള്ള സി.പി.എം, ബി.ജെ.പി ശ്രമങ്ങൾ ഗൗരവപൂർവം കാണുന്നു. സ്ത്രീ മുന്നേറ്റങ്ങളെയും സത്രീപക്ഷ സമരങ്ങളെയും അട്ടിമറിത്തുന്ന സമീപനമാണ് സി.പി.എം എക്കാലവും സ്വീകരിച്ചിട്ടുള്ളതെന്നും കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് അവതരിപ്പിച്ച പ്രമേയത്തിൽ ആരോപിച്ചു. ഹിന്ദിഹൃദയ ഭൂമിയിൽ കോൺഗ്രസ് നേടിയ വമ്പിച്ച വിജയം ആത്മവിശ്വാസത്തോടെയുള്ള കോൺഗ്രസിന്റെ തിരിച്ചുവരവ് അറിയിക്കുന്നതാണെന്നും ദേശീയ രാഷ്ട്രീയം കോൺഗ്രസിന് അനുകൂലമായി വഴിമാറുകയാണെന്നും മറ്റൊരു പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

ആർ.എസ്.എസ് പ്രവർത്തകന് വെട്ടേറ്റു

കോഴിക്കോട്: കുറ്റ്യാടിയിലെ ആർ.എസ്.എസ് പ്രവർത്തകൻ പൊയികയിൽ ശ്രീജുവിന് (29) അമ്പലക്കുങ്ങര വെട്ടൂർ റോഡിന് സമീപം വച്ച് വെട്ടേറ്റു. കടയിൽ നിന്ന് സാധനം വാങ്ങി ഇറങ്ങിയ ശ്രീജുവിനെ കാറിലെത്തിയ നാലംഗ സംഘം വെട്ടിപരിക്കേൽപ്പിക്കുകയായിരുന്നു. ശ്രീജുവിനെ കോഴിക്കോട് മിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ബി.ജെ.പി ഹർത്താലിൽ കുറ്റ്യാടിയിലുണ്ടായ അക്രമസംഭവങ്ങളിൽ ശ്രീജു ഒന്നാം പ്രതിയായി പൊലീസ് കേസുണ്ട്. സി.പി.എം ജില്ലാ സെക്രട്ടറി പി. മോഹനന്റെ മകനെയും മരുമകളെയും ആക്രമിച്ചതിലും ശ്രീജുവിന് പങ്കുള്ളതായി സി.പി.എം കരുതുന്നതിനാൽ അതു മുതൽ ഭീഷണിയുമുണ്ട്.

സി.പി.എം കേന്ദ്ര കമ്മിറ്റി തുടങ്ങി: കേരള വിഷയങ്ങൾ ഇന്ന്

ന്യൂഡൽഹി: അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് ഫലങ്ങൾ അവലോകനം ചെയ്യുന്ന സി.പി.എം കേന്ദ്രകമ്മിറ്റി യോഗം ഡൽഹിയിൽ തുടങ്ങി. വനിതാ നേതാവിന്റെ പരാതിയിൽ ഷൊർണ്ണൂർ എം.എൽ.എ പി.ശശിക്കെതിരെ സ്വീകരിച്ച നടപടി സംസ്ഥാന ഘടകം യോഗത്തിൽ റിപ്പോർട്ടു ചെയ്യും. ആറുമാസത്തെ സസ്പെൻഷൻ മതിയായ ശിക്ഷയാണോ എന്ന് യോഗം ഇന്ന് ചർച്ച ചെയ്ത് തീരുമാനിക്കും. ശബരിമല യുവതീ പ്രവേശന വിധി നടപ്പാക്കുന്നതും ചർച്ചയാകും.

■ കൊച്ചി ബ്യൂട്ടിപാർലർ വെടിവയ്പിന് സമാന സംഭവങ്ങൾ നേരത്തേയും

ലണ്ടനിലിരുന്ന് കേരളത്തിൽ പൂജാരിയുടെ ഓപ്പറേഷൻ

▸ എം.എച്ച്. വിഷ്ണു

തിരുവനന്തപുരം: കൊച്ചിയിലെ വെടിവയ്പിനു പിന്നിൽ ആരാണെന്ന് ഉറപ്പിക്കാനായിട്ടില്ലെങ്കിലും, അധോലോക കുറ്റവാളി രവിപൂജാരിയുടെ പേരിൽ നടത്തുന്ന ഓപ്പറേഷനുകൾ കേരളത്തിൽ ഇതാദ്യമല്ല.

ബിസിനസുകാരുടെയും രാഷ്ട്രീയക്കാരുടെയും സംരക്ഷകന്റെ വേഷമാണ് രവിപൂജാരിക്ക് ഇപ്പോഴുള്ളത്. 2016 ഒക്ടോബറിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയ്ക്ക് നേരെയും ഇയാളുടെ പേരിൽ ഭീഷണിയുണ്ടായിട്ടുണ്ട്.

ബ്രിട്ടനിൽ നിന്ന് +447440190035 മൊബൈൽ നമ്പരിൽ നിന്നാണ് ചെന്നിത്തലയ്ക്ക് രവിയുടെ ഭീഷണിസന്ദേശം എത്തിയത്. ഈ നമ്പരിന്റെ വിലാസം ഇന്റർപോൾ മുഖേന ബ്രിട്ടീഷ് പൊലീസുമായി ബന്ധപ്പെട്ട് കണ്ടെത്താൻ ഹൈടെക് സെൽ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

ചന്ദ്രബോസ് വധക്കേസിൽ ശിക്ഷയനുഭവിക്കുന്ന മുഹമ്മദ് നിഷാമിനെക്കുറിച്ച് മോശമായി സംസാരിച്ചാൽ താങ്കളെയോ കുടുംബത്തിൽ ഒരാളെയോ വധിക്കുമെന്നാണ് രമേശിന്റെ ഫോണിലേക്ക് രവി പൂജാരി സന്ദേശമയച്ചത്. ഇതേക്കുറിച്ച് വിശദമായി അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയന് നൽകിയ പരാതിയിൽ രമേശ് ചെന്നിത്തല ആവശ്യപ്പെട്ടിരുന്നു. ഹൈടെക്സെൽ സി.ഐ. ശ്രീകാന്തിന്റെ നേതൃത്വത്തിലുള്ള സംഘം പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചെങ്കിലും ഇന്റർനെറ്റുപയോഗിച്ചുള്ള വിളികളുടെ വിവരങ്ങൾ ശേഖരിക്കാൻ പ്രയാസമാണെന്നുള്ള ഇന്റർപോളിന്റെ മറുപടിയോടെ അന്വേഷണം വഴിമുട്ടി.

അധോലോക കുറ്റവാളി രവി പൂജാരി

കാസർകോട്ട് ബേവിഞ്ചയിലെ മരാമത്ത് കരാറുകാരൻ മുഹമ്മദ്കുഞ്ഞിഹാജിയുടെ വീടിനുനേർക്ക് രണ്ടുവട്ടം വെടിവയ്ക്കു നടത്തിയത് പൂജാരിയുടെ സംഘമാണെന്ന് പൊലീസ് കണ്ടെത്തിയിരുന്നു. കൊച്ചിയിലെ ആക്രമണത്തിന് സമാനമായിരുന്നു ഈ ആക്രമണവും. 2010 ജൂൺ 25 ന് രാത്രിയിലും 2013 ജൂലായ് 18ന് പുലർച്ചെയുമാണ് വെടിവച്ചത്. ആദ്യവട്ടം ഹെൽമെറ്റ് ധരിച്ച് ബൈക്കിലെത്തിയ രണ്ടംഗസംഘം വീടിനുനേരെ മൂന്നുറൗണ്ട് വെടിവച്ചശേഷം കടന്നുകളഞ്ഞു. കാറിലും വീടിന്റെ കൈവരിയിലുമാണ് വെടികൊണ്ടത്. 2013 ൽ ബൈക്കിലെത്തിയ രണ്ടുപേർ വീട്ടിലേക്ക് നേരിട്ട് വെടിവച്ചു. ജനലുകളും ചുമരുകളും വെടിയേറ്റ് തകർന്നു. രവിപൂജാരിയുടെ സംഘമാണ് ആക്രമണം നടത്തുന്നതെന്ന് എഴുതി മുദ്രകുത്തിയ കുറിപ്പ് സ്ഥലത്തുനിന്ന് പൊലീസ് കണ്ടെടുത്തിരുന്നു. ലണ്ടനിലെ ഫോൺനമ്പരും അതിലുണ്ടായിരുന്നു.

വെടിവയ്പുണ്ടായതിന് രണ്ടു മാസം മുൻപ് രവിപൂജാരി ഫോണിൽ വിളിച്ച് 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജി വഴങ്ങിയിരുന്നില്ല. ഭയപ്പെടുത്തി പണം നേടിയെടുക്കാനാണ് വെടിവയ്ക്കു നടത്തിയതെന്നാണ് പൊലീസ് കണ്ടെത്തിയത്. ലണ്ടൻ നമ്പരിന്റെ വിലാസം കണ്ടെത്താനുള്ള ശ്രമം അന്നും പരാജയപ്പെട്ടു.

പണം ആവശ്യപ്പെട്ട് വിളിച്ച നമ്പർ പിന്തുടർന്നുള്ള അന്വേഷണം ബംഗളൂരു സെൻട്രൽ ജയിലിലെ തടവുകാരൻ ഹമീദിലേക്കാണെത്തിയത്. 25 ലക്ഷത്തിന്റെ കള്ളനോട്ട് കേസിൽ പ്രതിയായ ഹമീദ് ഉപയോഗിച്ചിരുന്ന രഹസ്യ മൊബൈലിൽ നിന്നായിരുന്നു ഭീഷണിസന്ദേശം.

സോളാർ കേസിലും ഭീഷണി

സോളാർ കേസിലും രവിപൂജാരിയുടെ പേര് ഉയർന്നുവന്നു. മുൻ മുഖ്യമന്ത്രിക്കെതിരായ കേസ് പിൻവലിച്ചില്ലെങ്കിൽ വധിക്കുമെന്ന് ദുബായിൽ നിന്ന് രവിപൂജാരി ഭീഷണിപ്പെടുത്തിയെന്ന് ബംഗളൂരുവിലെ ബിസിനസുകാരൻ എം.കെ. കുരുവിള വെളിപ്പെടുത്തിയിരുന്നു. പക്ഷേ, ഇതേക്കുറിച്ച് പിന്നീട് അന്വേഷണമൊന്നും ഉണ്ടായില്ല. കർണാടക മന്ത്രിയും മലയാളിയുമായ യു.ടി.ഖാദറിനെയും പണം ആവശ്യപ്പെട്ട് പൂജാരി ഭീഷണിപ്പെടുത്തിയിരുന്നു.

പൂജാരിയെ കണ്ടെത്താൻ ഇന്റർപോളിന്റെ റെഡ്കോർണർ നോട്ടീസ് നിലവിലുണ്ട്. കൊച്ചിയിലെ വെടിവയ്പിൽ രവിപൂജാരിയുടെ റോൾ വിശദമായി പരിശോധിക്കുമെന്ന് ഡി.ജി.പി ലോക്നാഥ് ബെഹ്റ പറഞ്ഞു.

മംഗളൂരു, മുംബയ്, ദുബായ് ബന്ധമുള്ള വൻ മാഫിയ പൂജാരിക്ക് പിന്നിലുണ്ട്. കാസർകോട്ട് വെടിവയ്പുണ്ടായപ്പോൾ എസ്.പിയായിരുന്നു ഞാൻ. മുംബയ് പൊലീസിന്റെ സഹായത്തോടെ ഏറെ മുന്നോട്ടുപോയിരുന്നു'

-പി.പ്രകാശ്
തിരു.സിറ്റിപൊലീസ് കമ്മിഷണർ

■ പീഡന പരാതി

ശശിയെ വെള്ളപൂശുന്ന റിപ്പോർട്ട് പുറത്ത്

● ശശി യുവതിയെ വിളിപ്പിച്ചതിൽ അസ്വാഭാവികത ഇല്ല ● യുവതി പിന്നീടും സന്തോഷവതിയായിരുന്നു

തിരുവനന്തപുരം: ഡി.വൈ.എഫ്.ഐ ജില്ലാ നേതാവായ യുവതിയുടെ പീഡന പരാതിയിൽ പാർട്ടിയിൽ നിന്ന് ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്തെങ്കിലും ഷൊർണൂർ എം.എൽ.എ പി.കെ. ശശിക്ക് സി.പി.എം അന്വേഷണ കമ്മിഷൻ റിപ്പോർട്ടിൽ സംശയത്തിന്റെ ആനുകൂല്യം നൽകുന്നതായി വ്യക്തമായി. പരാതിക്കാരിയെ ശശി വിളിപ്പിച്ചതിൽ അസ്വാഭാവികത ഉണ്ടെന്ന് കരുതാനാവില്ലെന്ന് സമർത്ഥിക്കുന്ന പാർട്ടി കമ്മിഷൻ റിപ്പോർട്ടിലെ ഭാഗങ്ങൾ ഇന്നലെ പുറത്തായി. പാലക്കാട് ജില്ലാകമ്മിറ്റിയിൽ റിപ്പോർട്ടിംഗിനായി നൽകിയ കമ്മിഷൻ റിപ്പോർട്ടിന്റെ കുറിപ്പാണ് പുറത്തായത്.

എ.കെ. ബാലനും പി.കെ. ശ്രീമതിയുമാണ് പരാതി അന്വേഷിച്ചത്. സി.പി.എം കേന്ദ്രകമ്മിറ്റി ഡൽഹിയിൽ ചേരുന്ന ദിവസം തന്നെ ശശിയെ വെള്ളപൂശുന്ന റിപ്പോർട്ടിലെ ഭാഗം ചോർന്നത് പാർട്ടിയിൽ ചർച്ചയായിട്ടുണ്ട്. ശശിക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി കേന്ദ്രകമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യേക്കും. അന്വേഷണ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പാർട്ടി പ്രവർത്തകയോട് പാർട്ടി നേതാവിന് യോജിക്കാത്ത വിധം സംഭാഷണം നടത്തി എന്ന് ചൂണ്ടിക്കാട്ടിയാണ് ശശിക്കെതിരെ നടപടിയെടുത്തത്.

പാലക്കാട് ജില്ലാകമ്മിറ്റിയിൽ റിപ്പോർട്ടിംഗിനായി നൽകിയ അന്വേഷണ കമ്മിഷൻ റിപ്പോർട്ടിന്റെ കുറിപ്പാണ് പുറത്തായത്

സംശയാനുകൂല്യം ഇങ്ങനെ

പാലക്കാട് ജില്ലാസമ്മേളനത്തിന് മുമ്പുള്ള ദിവസമാണ് സംഭവം നടന്നതെന്ന് പറയുന്നുണ്ടെങ്കിലും കൃത്യമായ തീയതിപരാതിയിലോ മൊഴിയിലോ ഇല്ല. ജില്ലാസമ്മേളന വേദിയിലെ വനിതാ വോളന്റിയർ ചുമതലയായിരുന്നു പരാതിക്കാരിക്ക്. അതിന്റെ ആവശ്യത്തിനായി സമ്മേളനത്തിന് തൊട്ടുമുമ്പ് അഞ്ചാറ്തവണ ഏരിയ കമ്മിറ്റി ഓഫീസിലേക്ക് പരാതിക്കാരിയെ ശശി വിളിപ്പിച്ചു.

പിന്നീട് ഒരു ദിവസം ഓഫീസിൽ വിളിച്ചുവരുത്തി ശശി മോശമായി സംസാരിക്കുകയും പെരുമാറുകയും ചെയ്തെന്നാണ് പരാതി. ഓഫീസിൽ അപ്പോൾ ജില്ലാസമ്മേളനത്തിന്റെ വൻ ആൾത്തിരക്ക് ഉള്ളതിനാൽ ഇത്തരമൊന്ന് നടന്നെങ്കിൽ മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടേണ്ടതായിരുന്നു. ശശിയുടെ തൊട്ടടുത്ത മുറിയിൽ ഏരിയാസെക്രട്ടറിയും അതിനടുത്ത മുറിയിൽ ഓഫീസ് സെക്രട്ടറിയുമാണ്. സന്ദർശകർ ധാരാളമുണ്ടായിരുന്നു. ധാരാളമാളുകൾ കൂടുന്നിടത്ത് പകൽ വാതിൽ തുറന്നിട്ട മുറിയിൽ തെറ്റായ ഉദ്ദേശ്യത്തോടെ സംഭവം നടന്നതിന് ഒരു ദൃക്സാക്ഷിയുമില്ല.'

ആർക്കും പരാതി കൊടുത്തില്ല

മണ്ണാർക്കാട് എ.സി ഓഫീസിൽ പതിവായി പോകുന്ന പെൺകുട്ടി ഏരിയ സെക്രട്ടറിക്കോ എൽ.സി സെക്രട്ടറിക്കോ ജില്ലാ സെക്രട്ടറിക്കോ സ്വന്തം ഘടകമായ ഡി.വൈ.എഫ്.ഐ ജില്ലാകമ്മിറ്റിക്കോ മണ്ണാർക്കാട് ബ്ലോക്ക് സെക്രട്ടറിക്കോ ഡി.വൈ.എഫ്.ഐ ജില്ലാസംഘടനയിലെ വനിതാ സഖാക്കൾക്കോ പരാതി നൽകിയിട്ടില്ല. പെൺകുട്ടിയുടെ സംഘനാഫോറത്തിൽ ആരോപണമായി പോലും ഇതുന്നയിച്ചില്ല. ഇവർ പെട്ടെന്ന് പ്രതികരിക്കുന്ന സ്വഭാവക്കാരിയാണെന്ന് മൊഴിയുണ്ട്. എന്നാൽ സംഭവമുണ്ടായെന്ന് പറയുന്നതുമുതൽ എട്ട് മാസത്തിന് ശേഷം പരാതി നൽകുംവരെ കുട്ടി പ്രതികരിച്ചിട്ടില്ല. വോളന്റിയർ ചുമതലക്കാരിയായ സമ്മേളനത്തിന്റെ തുടക്കം മുതൽ അവസാനം വരെ ആക്ടീവായും സന്തോഷവതിയായുമാണ് പെരുമാറിയതെന്ന് പല സഖാക്കളും മൊഴി നൽകി.'

■ കെ.പി.സി.സി

പുന:സംഘടനയ്ക്ക് തത്വത്തിൽ തീരുമാനം

തിരുവനന്തപുരം: കെ.പി.സി.സി പുന:സംഘടനയ്ക്ക് കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതിയുടെ തത്വത്തിലുള്ള അംഗീകാരം. പുന:സംഘടന അനിവാര്യമാണെന്ന് യോഗത്തിൽ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ വ്യക്തമാക്കി. ഹൈക്കമാൻഡുമായി കഴിഞ്ഞ ദിവസം അദ്ദേഹം നടത്തിയ പ്രാഥമിക ചർച്ചയുടെ അടിസ്ഥാനത്തിൽ വിശദമായ തുടർചർച്ചകൾ വരും ദിവസങ്ങളിലുണ്ടാകും. എ.ഐ.സി.സി ജനറൽസെക്രട്ടറി ഉമ്മൻ ചാണ്ടിയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുമടക്കമുള്ള നേതാക്കളുമായി മുല്ലപ്പള്ളി ചർച്ച ചെയ്തശേഷം രാഷ്ട്രീയകാര്യസമിതിയിൽ പുന: സംഘടനയിന്മേൽ വിശദമായി ചർച്ച ചെയ്ത് അന്തിമതീരുമാനത്തിലെത്താനാണ് ധാരണ.

പുതിയ കെ.പി.സി.സി പ്രസിഡന്റിനേയും വർക്കിംഗ് പ്രസിഡന്റുമാരെയും നിയമിച്ചെങ്കിലും കെ.പി.സി.സി പുന:സംഘടിപ്പിക്കാത്തത് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന വിലയിരുത്തൽ ഇന്നലെ യോഗത്തിലുണ്ടായി. പുതുവത്സരദിനത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന വനിതാമതിലിനെതിരെ ശക്തമായി രംഗത്തിറങ്ങാനും തീരുമാനിച്ചു. സാമുദായികധ്രുവീകരണം ലക്ഷ്യമിട്ടുള്ള വർഗീയമതിലാണിതെന്നാണ് പ്രതിപക്ഷനിലപാട്. സ്കൂൾബസ്സുകളെ ഇതിനായി വിനിയോഗിച്ചാൽ ചെറുക്കാൻ കെ.എസ്.യുവിന് നിർദ്ദേശം നൽകും

ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയുമടക്കമുള്ളവർ എത്താതിരുന്ന യോഗത്തിൽ ഇന്നലെ 12പേരേ പങ്കെടുത്തുള്ളൂ.

തിരഞ്ഞെടുപ്പിനൊരുങ്ങി കോൺഗ്രസ്

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കമായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കെതിരെ പ്രചാരണപരിപാടികളുമായി കോൺഗ്രസ് ഭവനസന്ദർശനം സംഘടിപ്പിക്കും. ഈ മാസം 20 മുതൽ 22 വരെ ബൂത്ത് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി ഭവനസന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്യും. ലഘുലേഖകൾ തയ്യാറാക്കാൻ ഡി.സി.സി പ്രസിഡന്റുമാരെ ചുമതലപ്പെടുത്താൻ ഇന്നലെ കെ.പി.സി.സി ആസ്ഥാനത്ത് ചേർന്ന പ്രവർത്തകയോഗത്തിൽ തീരുമാനിച്ചു.

ഡി.സി.സി പ്രസിഡന്റുമാരുടെയും ജില്ലകളുടെയും പാർലമെന്റ് മണ്ഡലങ്ങളുടെയും ചുമതലയുള്ള നേതാക്കളുടെയും സംയുക്ത യോഗമാണ് ഇന്നലെ കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രന്റെ സാന്നിദ്ധ്യത്തിൽ ചേർന്നത്.

ബൂത്ത്കമ്മിറ്റികളിൽ ഓരോ വൈസ് പ്രസിഡന്റിനെ വീതവും മണ്ഡലം കമ്മിറ്റികളിൽ രണ്ട് വനിതകളെ വീതവും ഉറപ്പാക്കിയുള്ള തീരുമാനം നടപ്പായിട്ടുണ്ട്. ത്രിപീകൃതമായ ബൂത്തുകളിൽ ചില തിനുണ്ടായ ദൗർബല്യങ്ങൾ പരിഹരിക്കാൻ മുല്ലപ്പള്ളി നിർദ്ദേശിച്ചു. ബൂത്ത്, മണ്ഡലം ഭാരവാഹികളുടെ സംയുക്തയോഗത്തെ ജനുവരി പകുതിക്ക്ശേഷം രാഹുൽഗാന്ധി അഭിസംബോധന ചെയ്യും.

കോൺഗ്രസ് ജന്മദിനാഘോഷത്തോടനുബന്ധിച്ച് ഈ മാസം 28ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ നവോത്ഥാനപദയാത്ര നടത്തും. ലീഡർ കെ. കരുണാകരന്റെ ചരമദിനാചരണ പരിപാടികൾക്കായി ഗ്രലാം നബി ആസാദും എം. വീരപ്പമൊയലിയും ഈ മാസം 28ന് തലസ്ഥാനത്തെത്തും.

ഗ്വാളിയോർ രൂപത ബിഷപ്പ് മാർ തോമസ് തെന്നാട്ട് വാഹനാപകടത്തിൽ മരിച്ചു

കോട്ടയം: ഗ്വാളിയോർ രൂപത ബിഷപ്പ് ഡോ. മാർ തോമസ് തെന്നാട്ട് (65) വാഹനാപകടത്തിൽ മരിച്ചു. രൂപതയുടെ കീഴിലുള്ള സ്കൂളിലെ വാർഷികാഘോഷത്തിൽ പങ്കെടുത്ത ശേഷം വെള്ളിയാഴ്ച രാത്രി ബിഷപ്പ് ഹൗസിലേക്കു പോകുന്നതിനിടെയായിരുന്നു അപകടം. ഇദ്ദേഹം സഞ്ചരിച്ചിരുന്ന കാർ റോഡിൽ നിന്ന് തെന്നി മറിയുകയായിരുന്നുവെന്നാണ് വിവരം. ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

സൊസൈറ്റി ഒഫ് കാത്തലിക് അപ്പോസ്റ്റലേറ്റ് (എസ്.എ.സി.) സഭാംഗമായ ഡോ. തോമസ് കോട്ടയം അതിരൂപതാംഗവും ഏറ്റുമാനൂർ സെന്റ് ജോസഫ് ക്നാനായ കത്തോലിക്കാ ഇടവകാംഗവുമാണ്. 1953 നവംബർ 26 ന് കൂടല്ലൂർ ഇടവകയിൽ തെന്നാട്ട് കുരുവിള- അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ച തോമസ് 1969 ൽ പള്ളോട്ടൈൻ സന്യാസസഭയിൽ ചേർന്നു. 1978 ഒക്ടോബർ 21 ന് പൗരോഹിത്യം സ്വീകരിച്ചു. പിന്നീട് അമരാവതി, ഏല്ലൂരു രൂപതകളിൽ ചാപ്ലെയിൻ ആയി. പൂനെ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റ് നേടി.

1987, 1991 വരെ യംഗ് കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റ് (വൈ.സി.എം/ വൈ.സി.എസ്) ഡയറക്ടർ, കോൺഫ്രൻസ് ഒഫ് റിലിജിയസ് ഇന്ത്യാ പ്രസിഡന്റ്, ഹൈദരാബാദ് രൂപതയിലെ കുട്ടംബങ്ങൾക്കും അൽമായർക്കുമായുള്ള കമ്മിഷൻ ഡയറക്ടർ, ദളിത് ക്രൈസ്തവ സമൂഹങ്ങൾക്കു വേണ്ടിയുള്ള കമ്മിഷൻ ഡയറക്ടർ എന്നി നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഗ്വാളിയോർ രൂപത ബിഷപ്പ് ഡോ. തോമസ് തെന്നാട്ട്

ഗ്വാളിയോർ രൂപത പാസ്റ്ററൽ കമ്മിഷൻ പ്രസിഡന്റായിരിക്കെയാണ് 2016ൽ ഇദ്ദേഹത്തെ ഗ്വാളിയോർ രൂപത ബിഷപ്പായി നിയമിച്ചത്. പള്ളോട്ടൈൻ എന്നറിയപ്പെടുന്ന സൊസൈറ്റി ഒഫ് കാത്തലിക് അപ്പോസ്റ്റലേറ്റിൽ നിന്നുള്ള ലോകത്തിലെ ആദ്യ ബിഷപ്പാണ് മാർ തോമസ് തെന്നാട്ട്.

ഏലിയാമ്മ, ജോസഫ്, മേരി, ക്ലാരമ്മ, ലിസി എന്നിവർ സഹോദരങ്ങളാണ്.

സംസ്കാരം ചൊവ്വാഴ്ച രാവിലെ 11 ന് ഗ്വാളിയാർ ബിഷപ്സ് ഹൗസിലെ ശുശ്രൂഷകൾക്കു ശേഷം സെന്റ് പോൾസ് കത്തീഡ്രൽ ദേവാലയ സെമിത്തേരിയിൽ നടക്കും.

പൊലീസിൽ കീഴടങ്ങിയ സന്തോഷ് ഏച്ചിക്കാനത്തിന് ജാമ്യം

കാസർകോട്: ജാതീയമായി അധിക്ഷേപിച്ചെന്ന കേസിൽ പ്രതി ചേർക്കപ്പെട്ട സാഹിത്യകാരൻ സന്തോഷ് ഏച്ചിക്കാനം ഹൈക്കോടതി നിർദ്ദേശപ്രകാരം ഇന്നലെ അന്വേഷണഉദ്യോഗസ്ഥന്റെ മുമ്പാകെ കീഴടങ്ങി. അറസ്റ്റിലായ ഇദ്ദേഹത്തിന് സെഷൻസ് കോടതി പിന്നീട് ജാമ്യം അനുവദിച്ചു.

കോട്ടയത്തെ പുസ്തകപ്രസാധക കൂട്ടായ്മയിലെ ചർച്ചയ്ക്കിടെയുണ്ടായ സംഭാഷണശകലമാണ് പരാതിക്കിടയാക്കിയത്. സ്വകാര്യ ചാനലിൽ സംപ്രേഷണം ചെയ്ത ചർച്ചയുടെ വീഡിയോ സഹിതം കാഞ്ഞങ്ങാട് സ്വദേശിയായ ബാലകൃഷ്ണൻ കാസർകോട് എസ്.എം.എസ്(സ്പെഷ്യൽമൊബൈൽ സ്ക്വാഡ്) ഡി.വൈ.എസ്.പി എം. പ്രദീപ്കുമാറിന് പരാതി നൽകുകയായിരുന്നു. മാവിലൻ സമുദായത്തിൽ പെട്ട തന്നെയും കുടുംബത്തെയും അധിക്ഷേപിക്കുന്ന തരത്തിൽ സംസാരിച്ചെന്നായിരുന്നു ബാലകൃഷ്ണന്റെ ആരോപണം.

പ്രാഥമികാന്വേഷണം നടത്തിയ ഹോസ്ദുർഗ് പൊലീസ് ദളിത് വിരുദ്ധ പരാമർശത്തിന്റെ പേരിൽ പട്ടികജാതി പട്ടികവർഗ സംരക്ഷണ നിയമത്തിലെ 3 (1 യു) വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് എസ്.എം.എസിന് തന്നെ കൈമാറി.